**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2060** **12-02-2024 - ൽ മറുപടിയ്ക്ക്**

**ഫയൽ നീക്കം വേഗത്തിലാക്കാനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഫയൽ നീക്കം വേഗത്തിലാക്കാനും സുതാര്യമാക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; വ്യക്തമാക്കാമോ; | (എ) | സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിൽ ഫയൽ തട്ടുകളുടെ എണ്ണം കുറച്ച് ഉത്തരവായിട്ടുണ്ട്.<br><br>ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായി സെക്രട്ടേറിയറ്റിൽ പൂർണ്ണമായും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ഓഫീസുകളിലും ഡയറക്ടറേറ്റിലും ഇലക്ട്രോണിക് ഫയൽ സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.<br><br>ജനങ്ങൾക്ക് സേവനങ്ങൾ സുതാര്യമായും കാര്യക്ഷമമായും വേഗത്തിലും അഴിമതിരഹിതവുമായി ലഭ്യമാക്കുന്നതിൽ ഇ-ഗവണേൺസിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ഇ-ഗവണേൺസ് സമ്പ്രദായം സാർവത്രികമാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിൽ തീർപ്പാക്കാനുണ്ടായിരുന്ന ഭൂരിഭാഗം ഫയലുകളും ത്രീവ്രയജ്ഞ പരിപാടിയിലൂടെ തീർപ്പാക്കുവാൻ സാധിച്ചിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്തെ എതെല്ലാം വകുപ്പുകളിലാണ് ഇ-ഫയൽ സംവിധാനം നിലവിൽ വന്നിട്ടുള്ളത്; അറിയിക്കാമോ; | (ബി) | സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും, എല്ലാ കളക്ടറേറ്റുകളിലും, റവന്യൂ സബ് ഡിവിഷണൽ ഓഫീസുകളിലും താലൂക്ക് ഓഫീസുകളിലും വില്ലേജ് ഓഫീസുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി. ഇവ കൂടാതെ 79 ഡയറക്ടറേറ്റ്/ കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കി വരുന്നുണ്ട്. ആയതിൽ 43 ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. 119 പൊതുമേഖലാ സ്ഥാപനങ്ങൾ/ബോർഡുകൾ/കോർപ്പറേഷനുകൾ മറ്റ് സർക്കാർ ഓഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഇനിയും ഇ-ഫയൽ സംവിധാനത്തിലേക്ക് മാറാത്ത വകുപ്പുകൾ ഏതെല്ലാം; പ്രസ്തുത വകുപ്പുകളെ ഇ-ഫയൽ സംവിധാനത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ? | (സി) | ജയിൽ വകുപ്പിലും വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയിലും ഇ-ഓഫീസ് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഡയറക്ടറേറ്റ് ഓഫ് സ്പോട്സ് ആന്റ് യൂത്ത് അഫയേഴ്സ് ഒഴികെ മറ്റെല്ലാ ഡയറക്ടറേറ്റുകളിലും കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഈ ഡയറക്ടറേറ്റുകളിൽ നിലവിൽ ഇതര ഡിജിറ്റൽ ഫയലിംഗ് സംവിധാനം ഉപയോഗിച്ചുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ